# ജനായത്തം രാഷ്ട്രീയത്തിലും ക്രിസ്തീയ സഭയിലും: ചില താരതമ്യ ചിന്തകൾ

ഫാ. ഡോ. കെ. എം. ജോർജ്

ഇലക്ഷൻ സമയമായതുകൊണ്ട് ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് നാം കൂടെക്കൂടെ ചിന്തിക്കുന്നത് നല്ലതാണ്. ആധുനിക രാഷ്ട്രങ്ങൾ ജനായത്തശൈലി സ്വീകരിക്കുന്നതിന് എത്രയോ മുമ്പ്, ക്രിസ്തീയ സഭ അതിന്റെ തുടക്കത്തിൽത്തന്നെ ജനകീയ സമ്പ്രദായം സ്വീകരിച്ചിരുന്നു. ഇവ തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും ശ്രദ്ധേയമാണ്.

**രാഷ്ട്രവ്യവഹാരത്തിൽ:**

"ജനങ്ങളുടെ ഭരണം" എന്ന അർത്ഥത്തിലാണ് പുരാതന ഗ്രീസിലും പിന്നീട് ബ്രിട്ടീഷ് പാർലമെന്ററി സംവിധാനത്തിലും യൂറോപ്പിൽ പൊതുവെയും ഡിമോക്രസി (demos = people; kratos = rule) എന്ന വാക്കുപയോഗിച്ചത്. എന്നാൽ ഓരോ കാലഘട്ടത്തിലും പ്രദേശത്തും ഇതിന് വ്യത്യസ്തമായ അർത്ഥങ്ങൾ കൈവന്നു. ഉദാഹരണമായി, ഗ്രീസിലെ നഗരരാഷ്ട്രങ്ങളിൽ വോട്ടവകാശമുണ്ടായിരുന്നത് സ്വതന്ത്ര പൗരന്മാരായ പുരുഷന്മാർക്കു മാത്രമായിരുന്നു. സ്ത്രീകൾക്കും അടിമകൾക്കും വോട്ടവകാശം ഇല്ലായിരുന്നു. ആധുനിക യൂറോപ്പിൽ സ്വിറ്റ്സർലണ്ട് പോലെയുള്ള രാജ്യങ്ങളിൽ വളരെ അടുത്തകാലത്താണ് സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത്. സ്വതന്ത്ര ഇന്ത്യയിൽ ആദ്യംമുതലേ 21 വയസ്സായ എല്ലാ സ്ത്രീപുരുഷന്മാർക്കും ആ അവകാശം ലഭിച്ചു. ഇപ്പോൾ 18 വയസ്സ്. ജനസംഖ്യ വച്ചു നോക്കുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഭാരതം. ജനായത്തത്തിന്റെ ഗുണമേന്മ (ക്വാളിറ്റി) എന്നത് ജനങ്ങളുടെ രാഷ്ട്രീയ-സാമൂഹ്യാവബോധം, തിരഞ്ഞെടുപ്പിലും ഭരണത്തിലുമുള്ള അവരുടെ പങ്കാളിത്തം സർക്കാർ നയങ്ങളെ വിമർശിക്കാനും തിരുത്താനുമുള്ള അവരുടെ അവകാശം, പൊതുനന്മയ്ക്കുവേണ്ടി എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കാനുള്ള പ്രതിബദ്ധത തുടങ്ങിയ കാര്യങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നത്. പൊതുതിരഞ്ഞെടുപ്പു വേളകളിൽ ഉണ്ടാകാവുന്ന അനധികൃത സാമ്പത്തിക സ്വാധീനങ്ങൾ, ജാതിയുടെയും മതത്തിന്റെയും മറ്റും അടിസ്ഥാനത്തിലുള്ള വോട്ടു ബാങ്കുകൾ, വോട്ടിങ്ങിൽ കൃത്രിമത്വം, വിദ്വേഷ രാഷ്ട്രീയം എന്നിവ ജനാധിപത്യത്തെ വികലവും അതീവ ദുർബലവും ആക്കുമെന്ന് നമുക്കറിയാം. അപ്പോൾ അതിന്റെയർത്ഥം, ജനാധിപത്യവ്യവസ്ഥ അതിൽത്തന്നെ പൂർണ്ണമല്ല. നിരന്തരമായ ജനജാഗ്രതയും, മൂല്യബോധവും പൊതുനന്മയ്ക്കുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കാൻ സന്നദ്ധതയുള്ള രാഷ്ട്രീയ നേതാക്കളും ചേർന്നെങ്കിലേ അത് ശരിയാവുകയുള്ളു. നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. അല്ലെങ്കിൽ അതിവേഗം ഡിമോക്രസി ജീർണ്ണിച്ചു തുടങ്ങും. അഞ്ചു വർഷം കൂടുമ്പോഴുള്ള തിരഞ്ഞെടുപ്പും ഭരണമാറ്റവും ഈ രാഷ്ട്രീയ നവീകരണ പ്രക്രിയയുടെ കാതലായ ഭാഗമാണ്. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടാൽ ആയുഷ്ക്കാലം മുഴുവൻ നമ്മുടെ രാഷ്ട്രീയ ഭരണകർത്താക്കൾ അവരുടെ സ്ഥാനവും പദവികളും നിലനിർത്തുന്നുവെന്ന് സങ്കൽപിക്കുക. എത്ര ഭയങ്കരമായ അഴിമതിയും അധികാര ദുഷ്പ്രഭുത്വവുമാകും പിന്നെ സംഭവിക്കുക?! അങ്ങനെ സംഭവിക്കാതിരിക്കാനുള്ള നിർണ്ണായക സുരക്ഷാ വാൽവാണ് അഞ്ചു വർഷം കൂടുമ്പോഴുള്ള പൊതു തിരഞ്ഞെടുപ്പ്.

**ആദിമ ക്രിസ്തീയ സഭയിൽ:**

അപ്പസ്തോലന്മാർ ജീവിച്ചിരുന്ന കാലം മുതലേ സഭയിൽ ജനായത്ത വ്യവസ്ഥ ആരംഭിച്ചു. വളരെ വ്യക്തമായി അപ്പസ്തോല പ്രവൃത്തികളിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തത് പരിശുദ്ധാത്മ നിയോഗത്താൽ കർത്താവായ യേശു നേരിട്ടാണ്. എന്നാൽ അവരിൽ, നഷ്ടപ്പെട്ടുപോയ യൂദയ്ക്ക് പകരം ഒരാളെ തിരഞ്ഞെടുക്കുമ്പോൾ അന്നുണ്ടായിരുന്ന സഭ മുഴുവനും കൂടി, പ്രാർത്ഥിച്ച്, പൊതുസമ്മതരായ രണ്ടുപേരുടെ പാനൽ ഉണ്ടാക്കി, ചീട്ടിട്ട് ഒരാളെ എടുത്തു (1:13-26). പ്രധാനികളായ യാക്കോബും പത്രോസും ചേർന്നോ, പതിനൊന്നു പേർ ചേർന്ന് മാത്രമായോ പുതിയ ഒരാളെ തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്.

ഏഴു ശെമ്മാശന്മാരെ തിരഞ്ഞെടുത്തപ്പോഴും ആദിമസഭ ഒരുമിച്ച് ചേർന്നാണ് അത് ചെയ്തത് (6:1-6). വിശ്വാസവും ആചാരവും സംബന്ധിച്ച് സുപ്രധാനമായ തീരുമാനങ്ങൾ എടുത്ത "യറുശലേം സുന്നഹദോസ്" അപ്പസ്തോലന്മാർ മാത്രമുള്ള സമിതി ആയിരുന്നില്ല (15:1-30); മൂപ്പന്മാരും മറ്റു സാധാരണ വിശ്വാസികളും ഒരുമിച്ചാണ് "സുന്നഹദോസ്" നടത്തിയത്. ശ്ലീഹന്മാരുടെ തലവനായി അറിയപ്പെട്ട പത്രോസും, യേശുവിനെ നേരിട്ടു കണ്ടിട്ടില്ലാത്ത "അകാലപ്രജ"യായ പൗലോസും തമ്മിൽ കിസ്തുവിന്റെ സുവിശേഷത്തിന്റെ വ്യാപ്തിയെക്കുറിച്ച് സഭയ്ക്കുള്ളിൽ സുപ്രധാനമായ ഒരു സംവാദമുണ്ടായി (ഗലാത്യർ 2:1-14). എന്നാൽ ആ വാഗ്വാദം പിണക്കത്തിലേക്കും ഭിന്നതയിലേക്കും നയിച്ചില്ല; പകരം സുവിശേഷത്തിന്റെ കാതലായ ഒരർത്ഥം അതിലൂടെ വെളിപ്പെടുകയും സഭ യഹൂദന്മാരുടെ വട്ടത്തിനു പുറത്ത് ഇതര ജനതകളിലേക്ക് വികസിക്കയും ചെയ്തു. ആ സർഗ്ഗാത്മക സംവാദം കൊണ്ടു കൂടിയാണ് മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നതും, നാം ക്രിസ്തുവിന്റെ സുവിശേഷം അറിഞ്ഞതും (നിർഭാഗ്യവശാൽ നാം ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ സുവിശേഷം നിരാകരിക്കയും നസ്രാണിത്വം തുടങ്ങിയ ജാതീയ പരികൽപ്പനകളിൽ നമ്മുടെ ജനങ്ങളെ വീണ്ടും ബന്ധിക്കയും ചെയ്യുകയാണ്. നസ്രാണികളല്ലാത്ത ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് - ഉദാഹരണം: ബ്രഹ്മവാർ മിഷൻ, സ്ലീബാദാസസമൂഹം - "സഭാദിന"ത്തിൽ എങ്ങനെ പങ്കുചേരാനാകും? മിഷണറി ദർശനത്തോടെ ജാതിത്വ

ത്തിന് പുറത്തേക്ക് നമ്മെ നയിച്ച വലിയ പിതാക്കന്മാർ എന്തായിരിക്കും ഇപ്പോൾ പറയുക? വിശാലമായ സ്വാത ന്ത്ര്യം, അനുരഞ്ജനം, ഐക്യം എന്നിവയുടെ സഭാദിനമാകേണ്ട കാതോലിക്കേറ്റ് ദിനത്തെ എങ്ങനെ നമുക്ക് 'നസ്രാണി സംഗമ'മാക്കി ചുരുക്കാൻ കഴിയും?)

**മലങ്കരസഭാ പാരമ്പര്യത്തിൽ:**

അപ്പോസ്തോലപ്രവർത്തികളിൽ നിന്ന് വ്യക്തമാകുന്ന മുൻ പറഞ്ഞ കാര്യങ്ങൾ വച്ചു നോക്കുമ്പോൾ, സഭയിൽ ശരിയായ ജനാധിപത്യ തത്വങ്ങൾ, അവ ആധുനിക രാഷ്ട്ര വ്യവസ്ഥയിൽ വരുന്നതിന് എത്രയോ മുമ്പ് നടപ്പിലായി രുന്നു. എന്നാൽ പിൽക്കാലത്ത് റോമൻ രാജകീയ മതമായിത്തീർന്ന സഭ അതുപേക്ഷിച്ചു. പക്ഷേ, പൗരസ്ത്യ സഭക ളിൽ ആ തത്വം ഒരിക്കലും നിഷേധിക്കപ്പെട്ടില്ല. മലങ്കരസഭയുടെ ഭരണഘടനയിലും അതുണ്ടാകുന്നതിനു മുമ്പുള്ള പള്ളിനടത്തിപ്പിലും വിശ്വാസികളുടെ സമൂഹത്തിനു നിർണ്ണായകമായ സ്ഥാനം കൊടുത്തു. ഒരുദാഹരണം മാത്രം മതി. മെത്രാന്മാരുടെയും കാതോലിക്കാ ബാവായുടെയും തിരഞ്ഞെടുപ്പ് ജനങ്ങളുടെയും വൈദികരുടെയും തിരഞ്ഞെ ടുക്കപ്പെട്ട പ്രതിനിധികൾ ആക്ഷരികമായി ഒരുമിച്ചുകൂടിയാണല്ലോ ഇപ്പോൾ നടത്തുന്നത്. മിക്ക സഭകളിലും ഈ പാരമ്പര്യം നഷ്ടപ്പെട്ടുപോയി. നാമതു നിലനിർത്തി, റോമൻ കത്തോലിക്കാ സഭയുടെ പൗരസ്ത്യ റീത്തുകളായ സീറോമലബാർ സഭയും സീറോ മലങ്കരസഭയും ആ പുരാതന പൗരസ്ത്യ പാരമ്പര്യം വീണ്ടെടുക്കാനുള്ള വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. റോമിൽ ഫ്രാൻസിസ് മാർപാപ്പാ ശ്രമിക്കുന്നതും, പഴയ സഭാപാരമ്പര്യത്തിന്റെ നന്മകൾ തിരിച്ചെടുക്കാനാണ്. അതുകൊണ്ടാണ് സുപ്രധാനമായ ധാർമ്മിക-വിശ്വാസ വിഷയങ്ങൾ വരുമ്പോൾ അദ്ദേഹം ബന്ധപ്പെട്ടവരോട് എല്ലാം അഭിപ്രായം ആരായുന്നതും, തെറ്റുപറ്റിയാൽ അത് പരസ്യമായി ഏറ്റുപറയുന്നതും മറ്റും.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ വിശ്വസിച്ച് പ്രാർത്ഥിക്കുന്ന ക്രിസ്തുശരീരമായ പൊതുസഭാസമൂഹത്തിന്റെ ആത്മീയ വിവേചനത്തിന് വിധേയപ്പെട്ടാണ് സഭയിലെ എല്ലാ അധികാര ഘടനകളും എന്നതാണ് പുരാതന ക്രിസ്തീയ ജനകീയതത്വം. മലങ്കരസഭയിൽ അത് പ്രായോഗികമായി തെളിയിക്കുന്ന ഒന്നാണ് അവൈദികരായ വിശ്വാസികളുടെ പ്രതിനിധികൾക്ക് ബഹുഭൂരിപക്ഷമുള്ള മലങ്കര അസോസിയേഷന്റെ അധികാരവും സ്വഭാവവും.

**വിശുദ്ധമായ ധാരണ:**

രാഷ്ട്രീയ ജനാധിപത്യത്തിൽ (പാർലമെന്ററി ഡിമോക്രസി) നിന്ന് ക്രിസ്തീയ സഭയിലെ ജനാധിപത്യത്തിനുള്ള ഒരു പ്രധാന വ്യത്യാസം, സഭ തിരഞ്ഞെടുക്കുന്ന മെത്രാന്മാരെയും കാതോലിക്കായെയും അഞ്ചു വർഷം കൂടുമ്പോൾ വീണ്ടും തിരഞ്ഞെടുപ്പിന് വിധേയരാക്കുന്നില്ല എന്നതാണ്. ആയുഷ്ക്കാല ചുമതലയാണ് അവരെ ഏൽപിക്കുന്നത്. രാഷ്ട്രീയ രംഗത്ത് ഇങ്ങനെ ആയുഷ്കാല ചുമതല ഏൽപിച്ചാൽ എന്തു സംഭവിക്കാം എന്ന് മുകളിൽ സൂചിപ്പി ച്ചല്ലോ. എന്നാൽ ക്രിസ്തീയ സഭയിൽ ദൃഢമായ ഒരു ധാരണയുടെ പുറത്താണ് ഈ പാരമ്പര്യം നിലനിർത്തിയത്. അതായത് യേശുമിശിഹായുടെ സുവിശേഷത്തിൽ നിന്ന് ഒരിക്കലും മെത്രാന്മാരും വൈദികരും വ്യതിചലിക്കയില്ല, സുവിശേഷം അനുശാസിക്കുന്ന മൂല്യങ്ങൾ അവർ നിലനിർത്തും എന്നതാണ് ധാരണ. കർത്താവിന്റെ സുവിശേഷം-ഏവൻഗേലിയോൻ-ആക്ഷരികമായി തലയിൽ വച്ചും, ആത്മീയമായി ഹൃദയത്തിൽ സ്വീകരിച്ചുമാണ് പട്ടം ഏൽക്കു ന്നത്. ഇതിന് അവരെ ശക്തിപ്പെടുത്താൻ സഭ നിരന്തരം പ്രാർത്ഥിക്കയും ജാഗ്രതയോടെ അവരുടെ ജീവിതത്തെക്കു റിച്ച് അന്വേഷിച്ചുകൊണ്ടിരിക്കയും ചെയ്യും എന്നത് ഈ ധാരണയുടെ ഭാഗമാണ്.

പട്ടം കൊടുക്കുമ്പോൾ ഓക്സിയോസ് ("ഇവൻ യോഗ്യൻ") എന്ന് വിശ്വാസികളുടെ സമൂഹം സാക്ഷ്യപ്പെടുത്തു ന്നുണ്ട്. ഈ പൊതുസഭാ സാക്ഷ്യം "പട്ടംകൊട"യുടെ അനുപേക്ഷണീയ ഭാഗമാണ്, വെറും ആചാരമല്ല. ഓക്സി യോസ് എന്ന് ആരാധനാസമൂഹം ഏറ്റുപറഞ്ഞെങ്കിലേ പട്ടം പൂർത്തിയാവുകയുള്ളു (മെത്രാന്മാർക്ക് മാത്രമല്ല, വൈദി കർക്കും ശെമ്മാശന്മാർക്കും പട്ടംകൊട വേളയിൽ ഓക്സിയോസ് എന്ന് ജനങ്ങൾക്ക് പറയാം). ഇതൊരു വിശുദ്ധ മായ ധാരണയാണ്. ഈ ധാരണയെ മെത്രാന്മാരോ വൈദികരോ ശെമ്മാശന്മാരോ ലംഘിച്ചാൽ, അതിനു പരിഹാരം സഭാനടപടികളിലുണ്ട്. ധാർമ്മികവും കാനോനികവുമായ അനേക നിബന്ധനകളിലൂടെയാണ് ആയുഷ്ക്കാല പട്ട ത്തിന്റെ നൈർമ്മല്യം കാത്തുസൂക്ഷിക്കാൻ സഭ അനുശാസിക്കുന്നത്.

ഇനിയും വളരെ ഗൗരവമായി നിയമലംഘനം നടക്കുകയും, സഭാനടപടികൾക്ക് വിധേയപ്പെടാതിരിക്കയും ചെയ്യുന്ന ഒരു മെത്രാനെയോ വൈദികനെയോ ഉചിതമായ നടപടിക്രമങ്ങൾ സ്വീകരിച്ച്, 'അയോഗ്യൻ' (അനാക്സിയോസ്) എന്നു പറഞ്ഞ് സ്ഥാനം ഉരിഞ്ഞുകളയാനും സഭാസമൂഹത്തിന് അധികാരമുണ്ട്. രാഷ്ട്രീയ വ്യവസ്ഥയിലും സ്ഥാനാർത്ഥികളെ വേണ്ടിവന്നാൽ അയോഗ്യരാക്കുന്നതിനോ രാഷ്ട്രപതിയെ വരെ ഇംപീച്ചു ചെയ്യാനോ നടപടിക്ര മങ്ങൾ ഉണ്ടല്ലോ. പൗരധർമ്മം അനുഷ്ഠിക്കുന്ന പൗരസംഘത്തിന് ഈ അധികാരം ഉള്ളതുപോലെ, സഭയ്ക്കുള്ളിൽ, ക്രിസ്തീയ ജീവിതവും ധർമ്മവും അനുഷ്ഠിക്കുന്ന വിശ്വാസികളുടെ സമൂഹത്തിനും ആത്മീയ വിവേചനാധികാരമു ണ്ട്.

**പോപ്പുലിസവും ജനഹിതവും**

സഭ എപ്പിസ്കോപ്പലാണോ? കോൺഗ്രിഗേഷനലാണോ? അതോ രണ്ടും കൂടി ചേർന്നതാണോ? എന്നിങ്ങനെ യുള്ള ചോദ്യങ്ങൾ ചിലപ്പോൾ ചിലർ ഉയർത്താറുണ്ട്. ആദിമസഭയുടെ മുൻപറഞ്ഞ അപ്പസ്തോലിക പാരമ്പര്യവും പൗരസ്ത്യസഭയുടെ ഉത്തമദർശനവുമനുസരിച്ച് നോക്കുമ്പോൾ ഈ ചോദ്യങ്ങൾ അപ്രസക്തങ്ങളാണ്.

ഒരു പ്രധാന കാരണം വളരെ ചുരുക്കമായി സൂചിപ്പിക്കാം. സഭയുടെ മേൽപട്ടക്കാരുൾപ്പെടെയുള്ള എല്ലാ വൈദി

ക-അവൈദിക സ്ഥാനികളും സഭയാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. ഇങ്ങനെ സഭ യോഗ്യൻ എന്നു സാക്ഷ്യപ്പെടുത്തി തിരഞ്ഞെടുക്കപ്പെടുന്നവർക്കാണ് സവിശേഷമായ നൽവരങ്ങൾ നൽകണമേയെന്ന് സഭ പ്രാർത്ഥിക്കുന്നതും, സഭയ്ക്കുവേണ്ടി അതിന് ചുമതലപ്പെട്ടവർ കൈവെപ്പു നൽകുന്നതും. അപ്പോൾ യഥാർത്ഥമായ അധികാരം നിക്ഷിപ്തമായിരിക്കുന്നത് ക്രിസ്തുവിന്റ ശരീരമായ സഭാസമൂഹത്തിലാണ്. വൈദിക സ്ഥാനികളും അല്ലാത്തവരുമായ എല്ലാ വിശ്വാസികളും ഈ സമൂഹത്തിലെ അംഗങ്ങളാണ്. "സുവിശേഷപരമായ പ്രവർത്തികളിലേക്ക് ഇവനെ/ഇവളെ നയിച്ചുകൊള്ളേണമേ" എന്ന പ്രാർത്ഥനയോടെയാണ് ഓരോ പുതിയ വിശ്വാസിയെയും മാമോദീസാ, മൂറോനഭിഷേകം, വി. കുർബാന എന്നിവ നൽകി സഭയുടെ അംഗമാകുന്നത്. ക്രിസ്തുവിന്റെ സുവിശേഷത്തിന് യോജിക്കാത്ത വിശ്വാസമോ പ്രവർത്തികളോ പിന്തുടരുന്ന ഒരു അംഗത്തെ, അതെത്ര ഉന്നതസ്ഥാനിയാണെങ്കിലും, ആ സ്ഥാനത്തു നിന്ന് നീക്കം ചെയ്യുന്നതിന് സഭാസമൂഹത്തിന് അധികാരമുണ്ട്. എന്നാൽ ഇതു വെറും പോപ്പുലിസം (Populism) അല്ല. തോന്നിയവർക്ക് തോന്നിയതുപോലെ പ്രവർത്തിക്കാനുള്ളതല്ല ഈ അധികാരം. കാനോനികവും നീതിയുക്തവുമായ നടപടിക്രമങ്ങളിലൂടെയാണ് ഈ അധികാരം വിനിയോഗിക്കേണ്ടത്. അതിന്റെ ഭാഗമായിട്ടാണ് പള്ളിയോഗങ്ങൾ, ഭദ്രാസന കൗൺസിലുകൾ, മലങ്കര അസോസിയേഷൻ, എപ്പിസ്കോപ്പൽ സുന്നഹദോസ് തുടങ്ങിയ ഘടനാപരമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

ഈ സഭാശരീരത്തിനുള്ളിലാണ് എപ്പിസ്കോപ്പൽ സുന്നഹദോസ് പോലെയുള്ള വൈദിക സംവിധാനങ്ങൾ പ്രവർത്തിക്കുന്നത്. അതിനു മുകളിലല്ല. അതിൽ അംഗങ്ങളായ എല്ലാ എപ്പിസ്കോപ്പാമാരും അടിസ്ഥാനപരമായി ക്രിസ്തീയ വിശ്വാസികളാണ്. "സുവിശേഷപരമായ നടപടി"കളിലേക്കാണ് അവരും നയിക്കപ്പെടേണ്ടത്. പരിശുദ്ധാത്മാവും സഭയും ചേർന്ന് അവരെ പ്രത്യേകമായ ചുമതലകൾ ഏൽപിക്കുന്നു. അതിനുള്ള നൽവരത്തിനായി സഭ നിരന്തരം പ്രാർത്ഥിക്കുന്നു. അവരെ യഥോചിതം സഭ ബഹുമാനിക്കുന്നു. അവരിൽ പാമ്പാടി തിരുമേനിയെപ്പോലെയും മറ്റും വിനയസമ്പന്നരായവർക്ക് അറിയാം, അവർ ദൈവത്തിന്റെയും ദൈവസഭയുടെയും ഏകബലത്തിലാണ് നില നിൽക്കുന്നതെന്ന്. സഭയ്ക്കു പുറത്ത് അവർക്ക് പ്രത്യേകമായ യാതൊരധികാരവുമില്ല. അവർ ശേഷം പൗരന്മാരെപ്പോലെ, സിവിൽ നിയമങ്ങൾക്കു വിധേയരാണ് (അടുത്ത കാലത്ത് കത്തോലിക്കാ സഭയിൽ വെളിപ്പെട്ട സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ, വൈദികർ, മെത്രാന്മാർ, കർദ്ദിനാളന്മാർ ഇവരെല്ലാം ഓരോ രാജ്യത്തിന്റെയും സിവിൽ നിയമങ്ങൾക്കു വിധേയരാണെന്ന് ഫ്രാൻസിസ് മാർപാപ്പാ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നുണ്ട്).

**സമ്പർക്കം, സംവാദം, സമന്വയം:**

ഓരോ എപ്പിസ്കോപ്പായും തന്നെ ചുമതല ഏൽപിച്ചിരിക്കുന്ന ജനങ്ങളുടെ ആത്മീയഹിതം എന്തെന്ന് തിരിച്ചറിയുകയും അത് വിവേചനപൂർവ്വം എപ്പിസ്കോപ്പൽ സുന്നഹദോസിൽ പ്രതിഫലിപ്പിക്കുമെന്നും, അവിടെ നടക്കുന്ന സംവാദത്തിലൂടെ സഭയുടെ പൊതുവായ ഹിതം തിരിച്ചറിയുകയും ചെയ്യണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എങ്കിലേ ഉത്തമവും സുവിശേഷപരവുമായുള്ള നയങ്ങളും നപടികളും സഭയ്ക്ക് എടുക്കാനാവൂ. പാർലമെന്ററി ഡിമോക്രസിയിൽ നിയമസഭകളിലും ലോകസഭയിലും നീണ്ട സംവാദം നടത്തിയാണല്ലോ പ്രധാന നയങ്ങൾ നടപ്പാക്കുന്നത്. അല്ലെങ്കിൽ നടപ്പാക്കേണ്ടത്. ജനപ്രതിനിധികളും സാധാരണ ജനങ്ങളും തമ്മിലുള്ള അടുത്ത ബന്ധം, ആശയവിനിമയം, വിദഗ്ദ്ധരായ ആളുകളോടുള്ള അഭിപ്രായം തേടൽ, ദൂരവ്യാപകമായി രാജ്യത്തിനും ജങ്ങൾക്കുമുണ്ടാകേണ്ട ക്ഷേമം ഇങ്ങനെ വളരെയേറെ ഘടകങ്ങൾ കണക്കിലെടുത്താണല്ലോ നല്ല ജനായത്ത സർക്കാരുകൾ പ്രവർത്തിക്കേണ്ടത്. ഈ രാഷ്ട്രീയ മാതൃക അപ്പാടെ സഭ സ്വീകരിക്കണമെന്നല്ല ഇതിനർത്ഥം. നേരേമറിച്ച് സർക്കാരും ഭരണഘടനയും പാർലമെന്റും കോടതിയും ഉൾപ്പെട്ട സംവിധാനത്തെ ഗൗരവമായി എടുക്കുകയും, അതേസമയം അവയ്ക്ക് അതീതമായി മനുഷ്യസ്നേഹത്തിലും അനുരഞ്ജനത്തിലും പരസ്പര ബഹുമാനത്തിലും ത്യാഗത്തിലും ക്ഷമയിലും ഊന്നിയ ഒരു ജീവിതശൈലിയും സാമൂഹ്യക്രമവും ഉരുത്തിരിക്കാൻ ഇടയന്മാർക്ക് ചുമതലയുണ്ട്. അയൽക്കാരന് ഒരുവിധത്തിലും ഉപദ്രവം ഉണ്ടാക്കരുത് എന്നല്ലാതെ അയൽക്കാരനെ സ്നേഹിക്കാൻ രാഷ്ട്രത്തിന്റെ ഭരണഘടന പറയുന്നില്ലല്ലോ. ശത്രുവിനെതിരെ വേണ്ടിവന്നാൽ നിയമനടപടികൾ നടത്താൻ രാഷ്ട്രത്തിന്റെ ഭരണഘടനയും നീതിന്യായ സംവിധാനവും അനുവദിക്കുന്നു. എന്നാൽ ശത്രുവിനെ സ്നേഹിക്കാൻ അവയൊന്നും അനുശാസിക്കുന്നില്ല.

**അധികാരത്തിന്റെ ആപേക്ഷികത:**

ഇവിടെയാണ് രാഷ്ട്രീയ ജനാധിപത്യവും ക്രിസ്തുശരീരമായ സഭയുടെ ജനാധിപത്യവും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം. എപ്പിസ്കോപ്പാമാരും വൈദികരും പൊതുനന്മ എന്താണ് എന്നുള്ളതിനെക്കുറിച്ച് ജനഹിതം അറിയാനും ക്രിസ്തീയമായി ജനചിന്തയെ രൂപപ്പെടുത്താനും ചുമതലയുള്ളവരാണ് എന്നു പറയേണ്ടതില്ലല്ലോ. ജനസമ്പർക്കവും ചർച്ചകളും ശ്രദ്ധാപൂർവ്വമുള്ള നിരീക്ഷണവും ഇതിന് ആവശ്യമാണ്. സഭയ്ക്കുള്ളിലോ സഭയ്ക്കു പുറത്തോ കേവലമായ അധികാരം (absolute power) ആർക്കും ഇല്ല, ആരാധനാസമൂഹത്തോട് ബന്ധപ്പെട്ട അപേക്ഷികമായ അധികാരമേയുള്ളു സഭയിൽ. സഭയ്ക്കുള്ളിലുള്ള അധികാരം സഭ തന്നെ നൽകിയതാണ്. അതുകൊണ്ട് എപ്പിസ്കോപ്പൽ സുന്നഹദോസ് നിർണ്ണായകമായ വിഷയങ്ങളിലൊക്കെ സഭയുടെ ശബ്ദം പല വഴിയിലൂടെ കേൾക്കുകയും ബന്ധപ്പെട്ടവരോട് ചർച്ചയും ഗൗരവമായ സംവാദവും നടത്തുകയും ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം മനനം ചെയ്യുകയും ആത്യന്തികമായി യേശുക്രിസ്തുവിന്റെ സുവിശേഷ മൂല്യങ്ങൾക്കനുസൃതമായി സഭയുടെ നയങ്ങളും നടപടികളും രൂപപ്പെടുത്തുകയും ചെയ്യണമെന്നാണ് സഭ പ്രതീക്ഷിക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹസുവിശേഷത്തിനപ്പുറം ഒരു വേദവുമില്ല, ഒരു അധികാരവുമില്ല, ഒരു കാനോനുമില്ല. ജനസമ്പർക്കം, ചർച്ച എന്നിവ എടുത്തു പറയുന്നത് എന്തുകൊണ്ടാണെന്ന് ആർക്കും വ്യക്തമാണ്. എല്ലായ്പ്പോഴും എല്ലാ ദേശത്തും വൈദികർ, മേൽപട്ടക്കാർ

എന്നിവരിൽ മിക്കവരെക്കാളും നന്നായി ജീവനുള്ള ദൈവത്തിൽ വിശ്വസിക്കയും, ആത്മാർത്ഥമായി ഈ ലോകത്തിന്റെ നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കയും നിശ്ശബ്ദമായി ഉത്തമ ക്രിസ്തീയ ജീവിതം നയിക്കയും മനുഷ്യർക്ക് നന്മ ചെയ്യുകയും വെറും സാധാരണക്കാരായി ജീവിക്കയും ചെയ്യുന്ന ധാരാളം വിശ്വാസികളുണ്ട്. അവരുടെ ക്രിസ്തീയ കാഴ്പ്പാടും അഭിപ്രായവും എങ്ങനെയാണ് അധികാരത്തിന്റെ മേൽത്തട്ടുകളിൽ എത്തുന്നത്? സഭയുടെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും അനുപേക്ഷണീയമായി വൈദികസ്ഥാനികൾ കരുതുന്ന വ്യവഹാരങ്ങൾ പോലെ പലതും ഈ യഥാർത്ഥ വിശ്വാസികൾക്ക് അർത്ഥശൂന്യവും അപ്രസക്തവുമായി അനുഭവപ്പെടാം. എങ്കിലും അവരൊന്നും മിണ്ടാതെ, പള്ളിക്കു കൊടുക്കേണ്ടത് ഒക്കെ കൊടുക്കയും, പിരിവ് ചോദിച്ചാൽ അൽപ്പം ബുദ്ധിമുട്ടിയാണെങ്കിലും അതും കൊടുക്കയും പട്ടക്കാരേയും മേൽപ്പട്ടക്കാരേയും കണ്ടാൽ വിനയപൂർവ്വം ആദരിക്കയും ചെയ്യും. അവരുടെ ആശ്രയം വർണ്ണോജ്ജ്വലമായ വൈദിക സംവിധാനങ്ങളിലും അതിന്റെ കൊടികളിലും വടികളിലും വാഹനങ്ങളിലുമല്ല, കാരുണ്യവാനും സർവ്വശക്തനുമായ ദൈവത്തിലാണ്. അതുകൊണ്ട് അവർക്ക് ആരെയും വലിയ ഭയവുമില്ല. യഥാർത്ഥ ജനഹിതം തിരിച്ചറിയാനുള്ള സെൻസിറ്റിവിറ്റി അഥവാ സൂക്ഷ്മസംവേദനശേഷിയില്ലാതെ വന്നാൽ അധികാരസ്ഥാനങ്ങൾ അപകടസ്ഥാനങ്ങളാവും, സഭയിലാണെങ്കിലും രാഷ്ട്രത്തിലാണെങ്കിലും. “അധികാരചിഹ്നങ്ങൾ ഭയത്തിന്റെ അടയാളങ്ങൾ അല്ലേ” എന്ന് കവി കൽപ്പറ്റ നാരായണൻ ഒരിടത്ത് ചോദിക്കുന്നുണ്ട്. വാസ്തവത്തിൽ ഭയത്തിന്റെയും ഭയപ്പെടുത്തലിന്റെയും അടയാളങ്ങൾ ആണവ. സ്വന്തം സ്ഥാനത്തെക്കുറിച്ച് ഭയപ്പെടുകയും, അതിനാൽ, അധികാരചിഹ്നങ്ങൾ ഉപയോഗിച്ച് മറ്റുള്ളവരെ ഭയപ്പെടുത്തുകയും ചെയ്യുന്ന ഫീയർ കോംപ്ലക്സ് ആണിത്.

### അധികാരത്തിന്റെ പാരസ്പര്യം:

ഈ ഭയത്തിന് എന്താണു പരിഹാരമാർഗ്ഗം? അധികാരത്തിന്റെ പാരസ്പര്യത്തിലൂടെ കുറെയേറെ പ്രശ്നങ്ങൾ നമുക്കു മറികടക്കാം. എന്നു പറഞ്ഞാൽ ഒരു ഐക്യമുന്നണിയിലെപ്പോലെ അധികാരവും പദവിയും പങ്കുവയ്ക്കുക എന്നല്ല അർത്ഥം. സുതാര്യമായ ആശയവിനിമയവും പരസ്പരം ആദരവും തിരിച്ചറിയലും, വിനയവും ഏറ്റുപറച്ചിലുമെല്ലാം ഈ പാരസ്പര്യത്തിന്റെ ഭാഗമാണ്. നമ്മുടെ ആരാധനാ പൈതൃകത്തിൽ അത് ആചാര്യന്മാർ കർത്താവിന്റെ മാതൃകയിൽ പഠിപ്പിച്ചിട്ടുണ്ട്. ശുബ്ക്കോനോ (വലിയ നോമ്പിന്റെ തുടക്കത്തിൽ പരസ്പരം ക്ഷമ ചോദിക്കുന്ന അനുഷ്ഠാനം) ശുശ്രൂഷയിൽ പ്രാർത്ഥന നയിക്കുന്നയാൾ പാത്രിയർക്കീസോ കാതോലിക്കായോ ആണെങ്കിലും ജനത്തിന്റെ മുമ്പാകെ മൂന്നു പ്രാവശ്യം മുട്ടുകുത്തി, “സഹോദരങ്ങളെ, ഞാൻ നിങ്ങളോടു പാപം ചെയ്തുപോയി, നിങ്ങൾ എന്നോടു ക്ഷമിക്കണമേ” എന്നപേക്ഷിക്കുന്നുണ്ടല്ലോ. ജനങ്ങളും അപ്രകാരം പ്രതിസ്പന്ദിച്ച് ക്ഷമിക്കുകയും ക്ഷമ യാചിക്കയും ചെയ്യുന്നു. ഈ വാർഷിക അനുഷ്ഠാനത്തെ അനുദിനജീവിതത്തിൽ പകർത്തുമ്പോൾ അധികാരത്തിന്റെ പാരസ്പര്യമായി അനുരഞ്ജനത്തിലേക്ക് വരുന്ന ഒരു സമൂഹത്തിന് പിന്നെ എന്തെന്ത് നന്മകളാണ് ലോകത്തിന് നൽകാൻ കഴിയുന്നത്!

### ഐക്യമോ ഭിന്നതയോ നല്ലത്?!

ജനങ്ങളുടെ ഹിതമറിയാതെ, അവരെ നിഷേധാത്മകമായ തീവ്രവാദങ്ങളിലേക്ക് നയിക്കുന്ന നേതാക്കൾ രാഷ്ട്രീയത്തിലും മതസമൂഹങ്ങളിലും ഉണ്ടാകാം. മുകളിൽ ചിലർ തീരുമാനമെടുത്തിട്ട് താഴെയുള്ള അണികളോട് ആയുധമെടുക്കാനും തമ്മിലടിച്ച് തലകീറാനും പറയുന്ന ശൈലി ഒരിടത്തും അഭികാമ്യമല്ല എന്നു മാത്രമല്ല, അത് പൈശാചികവും ശാപഗ്രസ്തവുമാണ്. യൗവ്വനത്തിന്റെ അനുഗ്രഹമായ നല്ല സൗഹൃദങ്ങളിൽ കഴിയുന്ന ചെറുപ്പക്കാരുടെ മനസ്സിൽ വിഷം കയറ്റി, മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ, തീരാത്ത പകയും അക്രമവും ഏറ്റെടുക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത് മത-രാഷ്ട്രീയ നേതാക്കളാണ്.

ഏക ഭാരതത്തെ ഇന്ത്യയും പാക്കിസ്ഥാനുമായി വെട്ടിമുറിക്കാൻ ജനങ്ങളല്ല ആവശ്യപ്പെട്ടത്, ചില നേതാക്കളാണ്. അതുകൊണ്ട് കാഷ്മീർ ഇന്നും രക്തമൊലിപ്പിച്ച് ഇരു രാജ്യങ്ങളിലെയും സാധാരണ മനുഷ്യർക്ക് തീരാ ദുഃഖമായി തുടരുന്നു. ഏക രാജ്യത്തെ വെട്ടി മുറിക്കരുതേ എന്നു ജനങ്ങളുടെ പൾസറിഞ്ഞ മഹാത്മജി കേണപേക്ഷിച്ചതാണ്. ആരും കേട്ടില്ല. ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും സൈനികർ “വീരമൃത്യു” പ്രാപിക്കുന്നതായി അവരവരുടെ രാജ്യങ്ങൾ പറയുന്നു. പക്ഷേ, അതിർത്തിയിൽ കൊല്ലപ്പെടുന്ന ഓരോ സൈനികനും ഏതെങ്കിലും ഒരമ്മയുടെ മകനാണ്, ചിലരുടെ സ്വന്തം സഹോദരനാണ്, ഭർത്താവാണ്, അച്ഛനാണ്, ആത്മസ്നേഹിതനാണ് എന്ന് നാം ഓർക്കുന്നില്ല.അവരുടെ കണ്ണീർ ഒരിക്കലും വറ്റുന്നില്ല. ഏക കൊറിയൻ ജനതയെ രണ്ടു രാജ്യങ്ങളാക്കി ശത്രുക്കളാക്കിയത് ജനങ്ങളല്ല, ഭരണകൂടങ്ങളാണ്. ഏക ജർമ്മൻ ജനതയെ രണ്ടാക്കി പരസ്പരം ശത്രുക്കളാക്കിയതും ജനഹിതമനുസരിച്ചല്ല, നേതാക്കളുടെ ഇഷ്ടപ്രകാരമായിരുന്നു. മലങ്കരസഭയിൽ ഇരു ‘കക്ഷി’കളിലും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതാണ്.

ഒരളവിനപ്പുറം അധികാരം തങ്ങളിൽ കേന്ദ്രീകരിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും അതിന്റെ ദൂരവ്യാപകമായ വിപത്തുകൾ തിരിച്ചറിയണം. ജനങ്ങളുടെ നന്മയ്ക്കാണ് എന്നു പറഞ്ഞുകൊണ്ട് നാം ചെയ്യുന്ന ചില വൻ കാര്യങ്ങൾ ജനങ്ങൾക്ക് വൻ നാശഹേതുകമായിത്തീരുന്നു എന്നതാണ് വാസ്തവം. എവിടെയാണ് ജനഹിതം? എവിടെയാണ് ജനായത്തം?

### ലളിതമായ തിരിച്ചറിവുകൾ

ഒരു വിധത്തിൽ തിരിച്ചറിവ് വളരെ ലളിതമാണ്. സാധാരണജനങ്ങൾ യുദ്ധമല്ല, സമാധാനമാണ് ആഗ്രഹിക്കുന്നത്. സാധാരണ മനുഷ്യർ കലഹമല്ല, സൗഹൃദവും സ്നേഹവുമാണ് ആഗ്രഹിക്കുന്നത്.

സാധാരണജനങ്ങൾ മതവിദ്വേഷത്തിന്റെ രാഷ്ട്രീയമല്ല ആഗ്രഹിക്കുന്നത്, നല്ല അയൽവക്കങ്ങളും സ്നേഹപൂർവ്വകമായ കൊടുക്കൽ വാങ്ങലുകളുമാണ്.

ഇങ്ങനെ നമ്മുടെ സമൂഹത്തിന്റെ യഥാർത്ഥമായ അഭിലാഷങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞാൽ, നേതൃത്വത്തിന്റെ ശൈലിയും ഭാഷയും വേഷവും മാറും.

നമ്മുടെ കർത്താവ് പ്രദർശിപ്പിച്ച ഒരു കാരുണ്യസ്പർശമുണ്ട്. ഒരാർദ്രതയും കരുതലുമുണ്ട്. ശിഷ്യന്മാർ തടഞ്ഞെങ്കിലും ശിശുക്കളെ അനുഗ്രഹിക്കാൻ തീരുമാനിച്ച യേശു എല്ലാ തടസ്സങ്ങളെയും മാറ്റി. മരത്തിൽ ഒളിച്ചിരുന്ന സക്കായി എന്ന ചുങ്കം പിരിവുകാരനെ കണ്ടു വിളിച്ചു, വീട്ടിൽ ചെന്നു, അബ്രഹാമിന്റെ പുത്രനെന്നു വിളിച്ചു.

കഴുത്ത് മുകളിലേയ്ക്ക് ഉയർത്താനാവാതെ, നട്ടെല്ലു വളഞ്ഞുപോയ കൂനിയായ സ്ത്രീയെ നോക്കി, സൗഖ്യമാക്കി. അബ്രഹാമിന്റെ മകൾ എന്ന് വിളിച്ചു. ഇങ്ങനെ എത്രയോ സംഭവങ്ങളാണ് ഈ നോമ്പിൽ നാം ധ്യാനിക്കുന്നത്. സകലത്തെയും രൂപാന്തരപ്പെടുത്തുന്ന സ്രഷ്ടാവായ ദൈവത്തിന്റെ സർവ്വാധികാരത്തെ ഇങ്ങനെ അതി ലളിതവും ലോലവുമായ ഹൃദയസ്പന്ദനങ്ങളിലൂടെ യേശു വെളിപ്പെടുത്തി. ആ വെളിപ്പെടുത്തൽ പക്ഷേ അന്നത്തെ മതാധികാരത്തിനും അവരുടെ വേദാധികാരത്തിനും എതിരായി. പക്ഷേ യേശു എപ്പോഴും പാവങ്ങളുടെയും മർദിതരുടെയും സാധാരണക്കാരുടെയും പക്ഷത്തായിരുന്നു. അതുകൊണ്ട് യേശുവിനെ പല പേരുകൾ വിളിച്ചു. ദുർബലരായ ശിശുക്കളെ ഏറ്റവും വലിയവരെന്ന് വിളിച്ച വിഡ്ഢി. വെറുക്കപ്പെട്ട ചുങ്കക്കാരന്റെ വീട്ടിൽ പോയി താമസിച്ച "പാപികളുടെ കൂട്ടാളി", ശാബത് ലംഘിച്ച ദൈവദൂഷണക്കാരൻ, തീനിയും കുടിയനും, ഇങ്ങനെയെല്ലാം യേശു ആരോപിതനായി.

ക്രിസ്തീയ സഭകളിലെ അധികാര വ്യവസ്ഥയെയും ശൈലിയെയും നാം കാതലായി രൂപാന്തരപ്പെടുത്തി, "നമ്മുടെ വിശ്വാസത്തിന്റെ നായകനായ യേശു"വിനെ പിന്തുടരുന്നില്ല എങ്കിൽ, ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞതുപോലെ സഭ താമസംവിനാ ചരിത്ര മ്യൂസിയമായി മാറും. നാം യേശുവിനെ പിന്തുടരുന്നുവെങ്കിൽ ജനാധിപത്യത്തിന്റെ രാഷ്ട്രീയ ശൈലിക്ക് അതുല്യമായ ഒരു പുതിയ മാതൃക കാണിക്കാനും ക്രിസ്തീയ സഭയ്ക്ക് കഴിഞ്ഞുവെന്നിരിക്കും.

(5 ഏപ്രിൽ, 2019)